**ഭരണഭാഷ-മാതൃഭാഷ**

**കേരള സർക്കാർ**

**സംഗ്രഹം**

സൈനികക്ഷേമ വകുപ്പ് - കേരള സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ട്/ഡിസ്ട്രിക്ട് മിലിട്ടറി ബെനവലന്റ് ഫണ്ടുകൾ ഉപയോഗിച്ച് വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും നൽകി വരുന്ന വിവിധ സാമ്പത്തിക സഹായങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനികക്ഷേമ (എ) വകുപ്പ്**

സ.ഉ. (കൈ) നം.10/2025/SWD തീയതി, തിരുവനന്തപുരം, 21-03-2025.

---

പരാമർശം :- 1. സ. ഉ .(കൈ) നം. 350/04/പൊഭവ തീയതി, 01.12.2004.
2. സ. ഉ .(കൈ) നം 11/2016/പൊഭവ തീയതി, 06.02.2016.
3 . സ. ഉ .(കൈ) നം 205/2017/പൊഭവ തീയതി, 30.06.2017.
4. സ. ഉ .(കൈ) നം 205/2018/പൊഭവ തീയതി, 28.09.2018.
5. 08.07.2024 -ലെ രാജ്യസൈനിക ബോർഡ് യോഗത്തിന്റെ നടപടിക്കുറിപ്പ്.
6. സൈനിക ക്ഷേമ ഡയറക്ടറുടെ 12.09.2024 -ലെ ബി-2/527200/2024/ ഡി.എസ്. ഡബ്ല്യൂ നമ്പർ കത്ത്.

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന രാജ്യസൈനിക ബോർഡിന്റെ 08.07.2024 -ലെ യോഗത്തിൽ കേരള സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ട്/ഡിസ്ട്രിക്ട് മിലിട്ടറി ബെനവലന്റ് ഫണ്ട് എന്നിവയിൽ നിന്നും വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും നൽകി വരുന്ന വിവിധ സാമ്പത്തിക സഹായങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനങ്ങൾ സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിന്റെ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (6) പ്രകാരം സൈനികക്ഷേമ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മിലിട്ടറി ബെനവലന്റ് ഫണ്ടിന്റെ ഭരണവുമായി ബന്ധപ്പെട്ട പരാമർശം, (1) ഉത്തരവിലെ ചട്ടം 5 (എ) പ്രകാരം രാജ്യസൈനിക ബോർഡിൽ എടുക്കുന്ന തീരുമാനങ്ങൾ സർക്കാരിന്റെ അംഗീകാരത്തോടെ നടപ്പിലാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 08.07.2024 -ലെ

രാജ്യസൈനിക ബോർഡ് യോഗതീരുമാനപ്രകാരം കേരള സ്റ്റേറ്റ് മിലിട്ടിറി ബെനവലന്റ് ഫണ്ട്/ ഡിസ്ട്രിക്ട് മിലിട്ടറി ബെനവലന്റ് ഫണ്ട് എന്നിവയിൽ നിന്നും വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും നൽകി വരുന്ന സാമ്പത്തിക സഹായങ്ങളുടെ നിരക്കുകൾ ചുവടെ ചേർക്കും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

## കേരളാ സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ട്

| ക്രമ നം | പദ്ധതി | നിലവിലുള്ള നിരക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവും | രാജ്യ സൈനിക ബോർഡിന്റെ തീരുമാന പ്രകാരമുള്ള ഭേദഗതി |
|---|---|---|---|
| 1. | മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ് ടു കാൻസർ പേഷ്യന്റ്സ് (ചട്ടം 10 (a) (ii) | കാൻസർ രോഗികളായ പെൻഷണറായ വിമുക്തഭടന്മാർക്ക് /വിധവകൾക്ക്/ വിമുക്തഭടന്മാരുടെ ഭാര്യമാർ/ ആശ്രിതരായ മക്കൾ എന്നിവർക്ക് പ്രതിമാസം 1500/- രൂപ വീതം ഒരു വർഷത്തേക്കും പെൻഷൻ രഹിതരായ വിമുക്തഭടന്മാർക്ക്/വിധവകൾക്ക്/ വിമുക്തഭടന്മാരുടെ ഭാര്യമാർ/ ആശ്രിതരായ മക്കൾ എന്നിവർക്ക് പ്രതിമാസം 3000/- രൂപ വീതം രണ്ട് വർഷത്തേക്കും സാമ്പത്തിക സഹായം നൽകുന്നു (28.09.2018-ലെ സ.ഉ. (കൈ) നം. 205/2018/ പൊ.ഭ.വ). | പെൻഷണറായവിമുക്തഭടന്മാർക്ക് വിധവകൾക്ക് /വിമുക്തഭടന്മാരുടെ ഭാര്യമാർ/ആശ്രിതരായ മക്കൾ എന്നിവർക്ക് പ്രതിമാസം 2000/- രൂപയായി വർദ്ധിപ്പിക്കുകയും പെൻഷൻ രഹിതരമായ വിമുക്തഭടന്മാർക്ക്/വിധവകൾക്ക്/ വിമുക്തഭടന്മാരുടെ ഭാര്യമാർ/ ആശ്രിതരായ മക്കൾ എന്നിവർക്ക് പ്രതിമാസം 3000/- രൂപ വീതം മൂന്ന് വർഷത്തേക്കും ആക്കി ദീർഘിപ്പിച്ചു. ഇതിന് 01.04.2024 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. |
| 2. | മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ് ടു TB/Leprosy പേഷ്യന്റ് (ചട്ടം 10 (a) (i) | T B /Leprosy രോഗികളായ വിമുക്തഭടന്മാർക്ക് /വിധവകൾക്ക് വിമുക്തഭടന്മാരുടെ ഭാര്യമാർ/ ആശ്രിതരായ മക്കൾ എന്നിവർക്ക് പ്രതിമാസം 1500/- രൂപ വീതം ഒരു വർഷത്തേക്ക് സാമ്പത്തിക സഹായം നൽകുന്നു. (06.02.2016-ലെ G.O (Ms) No.11/2016/GAD) | പ്രസ്തുത തുക പ്രതിമാസം 2000/- രൂപയായി വർദ്ധിപ്പിച്ചു. ഇതിന് 01.04.2024 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. |
| 3. | കാഷ് അവാർഡ് ടു ടോപ് മാർക്ക് സ്കോറർ ഓഫ് SSLC, CBSE and ICSE ചട്ടം 10 (h) | 10th , 12th - ൽ എല്ലാ വിഷയങ്ങൾക്കും A+/A1 കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ മക്കൾക്ക് 3000/- രൂപ, 5000 രൂപ എന്നീ ക്രമത്തിൽ Cash Award നൽകുന്നു. (14.07.2011 -ലെ G.O (Ms) No.223/11/GAD and 06.02.2016 - ലെ G.O.(Ms) No. 11/2016/GAD). | CBSE/ICSE stream വഴി 90 % ന് മേൽ മാർക്ക് നേടി വിജയം കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ മക്കളെ കൂടി ഉൾപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| 4. | മാര്യേജ് ഗ്രാന്റ് ചട്ടം 10 (d) | രണ്ട് പെൺമക്കളുടെ വിവാഹത്തിന് 25,000/- രൂപ വീതം ഗ്രാന്റായി നൽകുന്നു. വരുമാന പരിധി 5,00,000/- രൂപ (28.09.2018 ലെ സ.ഉ (കൈ) നം. 205/2018/ പൊ.ഭ. വ). | ഗ്രാന്റ് 30,000/- രൂപയായി വർദ്ധിപ്പിച്ചു. വരുമാന പരിധി 6,00,000/- രൂപയായി വർദ്ധിപ്പിച്ചു 01.04.2024 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. |
| 5. | ആഫ്റ്റർ കെയർ ഗ്രാന്റ് ടു ESM/ Widows അണ്ടർ ഗോൺ ഓർഗൻ ട്രാൻസ് പ്ലാന്റേഷൻ (ചട്ടം 20 ) | അവയവമാറ്റ ശസ്ത്രക്രിയക്ക് ശേഷം (Kidney, Liver, Hip, Knee) വിമുക്തഭടന്/വിധവക്ക് നിബന്ധനകളില്ലാതെ 3000/- രൂപ പ്രതിമാസം ഒരു വർഷത്തേക്ക് ധനസഹായം നൽകുന്നതാണ്. (28.09.2018 – ലെ സ.ഉ. (കൈ)നം. 205/2018/പൊ.ഭ.വ). | പ്രസ്തുത സ്കീമിലേക്ക് വിമുക്തഭടന്റെ ആശ്രിതരെക്കൂടി ഉൾപ്പെടുത്തുന്നു. 01.04.2024 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ് |
| 6. | നിർദ്ധനരായ വിമുക്ത ഭടന്മാർക്ക് സാമ്പത്തിക സഹായം (ചട്ടം 7 (b) | നിർദ്ധനരായ വിമുക്തഭടന്മാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ, പരിഹരിക്കുന്നതിനായി 8,000/- രൂപ , 9,000/- രൂപ, 10,000/- രൂപ വരെ അർഹതയ്ക്ക് വിധേയമായി സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിൽ നിന്നും നൽകുന്നു. (28.09.2018 – ലെ സ. ഉ (കൈ) നം.205/2018/പൊ.ഭ. വ). | പ്രസ്തുത ഗ്രാന്റ് പെൻഷൻരഹിതരായ ESM/Widows ന് മാത്രമായി നിജപ്പെടുത്തുകയും Family Pension / MFA ലഭിക്കുന്നവരെ ഒഴിവാക്കുകയും തുകകൾ 14,000/- രൂപ, 16,000/- രൂപ, 18,000/- എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചു. 01.04.2024 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. |
| 7. | പുതിയ സ്കീം | | സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന 2nd World War Veterans – ന്റെ അവിവാഹിതരായ പെൺമക്കൾക്ക് അവരുടെ അച്ഛനമ്മമാരുടെ (പാരന്റ്സ്) മരണശേഷം സ്റ്റേറ്റ് – മിലിട്ടറി ബെനവലന്റ് ഫണ്ടിൽ നിന്നും 5,000/- രൂപ പ്രതിമാസം അനുവദിച്ചു. |

## ഡിസ്ട്രിക്ട് മിലിട്ടറി ബെനലന്റ് ഫണ്ട്

| ക്രമ നം. | പദ്ധതി | നിലവിലുള്ള നിരക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവും | രാജ്യസൈനിക ബോർഡിന്റെ തീരുമാനപ്രകാരമുള്ള ഭേദഗതി |
|---|---|---|---|
| 8. | നിർദ്ധനരായ വിമുക്തഭടന്മാർക്ക് സാമ്പത്തിക സഹായം (ചട്ടം 8) | നിർദ്ധനരായ വിമുക്തഭടന്മാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 6,000/- രൂപ, 7,000/- രൂപ അർഹതയ്ക്ക് വിധേയമായി സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിൽ നിന്നും നൽകുന്നു. (28.09.2018 – ലെ സ. ഉ (കൈ) നം. 205/2018/ പൊ.ഭ.വ). | പ്രസ്തുത ഗ്രാന്റ് പെൻഷൻരഹിതരായ ESM/ Widows – ന് മാത്രമായി നിജപ്പെടുത്തുകയും Family Pension/ MFA ലഭിക്കുന്നവരെ ഒഴിവാക്കുകയും, തുകകൾ 10,000/- രൂപ , 12,000/- രൂപ എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചു. 01.04.2024 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡീഷണൽ സെക്രട്ടറി

പകർപ്പ്–

1. മെമ്പർ സെക്രട്ടറി, രാജ്യസൈനിക ബോർഡ് & ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, വികാസ് ഭവൻ തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (01.02.2025 – ലെ E-2968272 EXP -D4/138/2024 – FIN പ്രകാരം).
5. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
6. എല്ലാ ജില്ലാ കളക്ടർമാർക്കും.
7. എല്ലാ ജില്ലാ സൈനികക്ഷേമ ആഫീസർമാർക്കും (ഡയറക്ടർ മുഖാന്തിരം).
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ